## പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. *217 — 19.12.2012-ൽ മറുപടിക്ക്.

### നഴ്സുമാർ നടത്തിവരുന്ന സമരങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ<br>ശ്രീ. മാത്യു റ്റി. തോമസ്<br>ശ്രീമതി ജമീലാ പ്രകാശം<br>ശ്രീ. സി. കെ. നാണു | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനഃരധിവാസവും വകുപ്പു മന്ത്രി) |
| (എ) നഴ്സുമാരുടെ തൊഴിൽ സംരക്ഷണം, വേതനം തുടങ്ങിയ പ്രശ്നങ്ങൾ സമഗ്രമായി പഠിക്കുവാൻ ഒരു കമ്മീഷനെ വയ്ക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) സ്വകാര്യ ആശുപത്രി മാനേജ്മെൻറും ജീവനക്കാരും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിന് തൊഴിലാളികളുടെയും മാനേജ്മെൻറിൻേറയും പ്രതിനിധികൾ അടങ്ങുന്ന ഇൻഡസ്ട്രിയൽ റിലേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |
| (ബി) വിവിധ സ്ഥലങ്ങളിൽ നഴ്സുമാർ നടത്തിവരുന്ന സമരങ്ങൾ ഒത്തുതീർപ്പാക്കുവാൻ സർക്കാർ എന്ത് പങ്കാണ് വഹിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) വിവിധ സ്ഥലങ്ങളിൽ നഴ്സുമാർ നടത്തി വരുന്ന സമരങ്ങളുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിൽ ലഭിച്ച മുഴുവൻ പരാതികളിലും തൊഴിൽ വകുപ്പിലെ കൺസിലിയേഷൻ ഓഫീസർമാർ ഇടപെടുകയും ഒത്തു തീർപ്പിനുള്ള എല്ലാ ശ്രമങ്ങളും നടത്തുകയും ഭൂരിഭാഗം തർക്കങ്ങളും ഒത്തു തീർപ്പിലെത്തിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) നഴ്സുമാർ നടത്തിയ ഏതെല്ലാം സമരങ്ങളിലാണ് സർക്കാർ മദ്ധ്യസ്ഥശ്രമം നടത്തിയിട്ടുള്ളത്; | (സി) നഴ്സുമാരുടെ സമരവുമായി ബന്ധപ്പെട്ട് തൊഴിൽ വകുപ്പിൽ ലഭ്യമായ എല്ലാ പരാതികളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. താഴെപ്പറയുന്ന ഹോസ്പിറ്റലുകളിൽ നടന്ന നഴ്സുമാരുടെ സമരങ്ങളിൽ സർക്കാർ മദ്ധ്യസ്ഥം വഹിച്ചിട്ടുണ്ട്.<br>1. ശ്രീഗോകുലം മെഡിക്കൽ കോളേജ് & റിസർച്ച് ഫൗണ്ടേഷൻ, വെഞ്ഞാറമൂട്, തിരുവനന്തപുരം.<br>2. അസീസിയ ഹോസ്പിറ്റൽ, കൊല്ലം.<br>3. ശങ്കേഴ്സ് ഹോസ്പിറ്റൽ, കൊല്ലം. |

4. എം.ജി.എം. മുത്തൂറ്റ് മെഡിക്കൽ സെൻറർ, പത്തനംതിട്ട.
5. പുഷ്പഗിരി മെഡിക്കൽ കോളേജ്, തിരുവല്ല.
6. അമൃത ആശുപത്രി, എറണാകുളം.
7. ലേക്ഷോർ ഹോസ്പിറ്റൽ, എറണാകുളം.
8. ലിറ്റിൽ ഫ്ളവർ ആശുപത്രി, അങ്കമാലി, എറണാകുളം.
9. വെൽകെയർ ഹോസ്പിറ്റൽ, വൈറ്റില, എറണാകുളം.
10. സൺറൈസ് ഹോസ്പിറ്റൽ, കാക്കനാട്, എറണാകുളം.
11. മലങ്കര ഓർത്തഡോക്സ് സിറിയൻ ചർച്ച് മെഡിക്കൽ കോളേജ്, കോലഞ്ചേരി, എറണാകുളം.
12. മാർബസേലിയസ് മെഡിക്കൽമിഷൻ ഹോസ്പിറ്റൽ, കോതമംഗലം, എറണാകുളം.
13. എസ്. എച്ച്. ഹോസ്പിറ്റൽ, പൈങ്കുളം, ഇടുക്കി.
14. മദർ ഹോസ്പിറ്റൽ, ഒളരി, തൃശ്ശൂർ.
15. എലൈറ്റ് മിഷൻ ഹോസ്പിറ്റൽ, കൂർക്കഞ്ചേരി, തൃശ്ശൂർ.
16. പ്രശാന്തി ഹോസ്പിറ്റൽ, മഞ്ചേരി.
17. കൊയ്‌ലി ഹോസ്പിറ്റൽ, കണ്ണൂർ.
18. ധനലക്ഷ്മി ഹോസ്പിറ്റൽ, കണ്ണൂർ.
19. ആശീർവാദ് ഹോസ്പിറ്റൽ, കണ്ണൂർ.
20. ലൂർദ് ഹോസ്പിറ്റൽ, തളിപ്പറമ്പ്, കണ്ണൂർ.

| | |
|---|---|
| (ഡി) ഓരോ സമരവും ഒത്തുതീർപ്പാക്കിയ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ? | (ഡി) അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ആഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്